**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1217** **12-02-2025 - ൽ മറുപടിയ്ക്ക്**

**നവീകരിച്ച റോഡുകളിലെ ജലവിതരണ പൈപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നവീകരിച്ച റോഡുകളിൽ കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണപ്പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കുഴിയെടുക്കുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നവീകരിച്ച റോഡുകളിൽ ജലവിതരണ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളിൽ കൃത്യമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കാൻ ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകാറുണ്ട്. |
| (ബി) | പ്രസ്തുത റോഡുകളിൽ റെസ്റ്റോറേഷൻ പ്രവൃത്തികൾ ചെയ്യുമ്പോൾ റോഡിന്റെ ഉപരിതല സമനിരപ്പ് നിലനിർത്തുന്ന രീതിയിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് റെസ്റ്റൊറേഷൻ പ്രവൃത്തികൾ ചെയ്യുമ്പോൾ റോഡിന്റെ സമനിരപ്പ് അനുസരിച്ച് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇരു വകുപ്പുകളും ചേർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ജല അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ കട്ടിംഗ് ചെയ്യുന്നതിനും റെസ്റ്റൊറേഷൻ പ്രവൃത്തി ചെയ്യുന്നതിനും പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ GO (Ms) No.11/2023/PWD dated 14.02.2023, 46/2023/PWD dated 02.08.2023, 986/2021/PWD dated 09.11.2021 & 49/2023/PWD dated 14.09.2023 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിലൂടെ മറ്റു ഏജൻസികളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും അനുമതി ലഭ്യമാക്കുന്നതും RoW എന്ന online portal വഴിയാണ്. ഈ പോർട്ടലിൽ നിരത്തു വിഭാഗത്തിനു കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റു വകുപ്പുകൾക്ക് അവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. ഇത്തരത്തിൽ ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകളും, നൽകി വരുന്ന അനുമതികളും സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | വിലയിരുത്തുകയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപ് തന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതു വഴി നിലവിൽ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ വലിയ ഒരു അളവു വരെ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>മറ്റു ഏജൻസികളുടെ പദ്ധതികളും പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായും ജോയിന്റ് സെക്രട്ടറിയും വിവിധ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരും ജലസേചന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളായും സ്ഥിര സമിതി രൂപീകരിച്ചുകൊണ്ട് GO (Rt) No. 20/2022/PWD dated 07.01.2022 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകൾ/ ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാതല ഇൻഫ്രാസ്ട്രക്ച്ചർ കോ – ഓർഡിനേഷൻ കമ്മിറ്റികൾ (DICC) നിലവിലുണ്ട്. റോഡ് പൂർവ്വ സ്ഥിതിയിലാക്കുന്നതിന്റെ പുരോഗതി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും നടത്തുന്ന DICC മീറ്റിംഗുകളിൽ വിലയിരുത്തി വരുന്നു. കൂടാതെ വിവിധ ഏജൻസികളുടെ പ്രവൃത്തികൾക്കായി റോഡുകൾ കുഴിക്കേണ്ടി വരുന്ന വേളയിൽ അവ പുനസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ